ഫൈൻ ആർട്സ് സൊസൈറ്റി
പരവൂർ, കൊല്ലം – 691 301

# സംസ്ഥാനതല ദേവരാജ സംഗീത മത്സരം

**ദേ**വരാജൻ മാസ്റ്റർ അദ്ദേഹത്തിന്റെ മാതാപിതാക്കളുടെ സ്മരണയ്ക്കായി ഏർപ്പെടുത്തിയ **കൊച്ചുഗോവിന്ദൻ ആശാൻ–കൊച്ചു കുഞ്ഞ് സ്മാരക ദേവരാജസംഗീത അവാർഡ്.**

ദേവരാജൻ മാസ്റ്റർ സ്വന്തം കൈപ്പടയിൽ എഴുതി തയ്യാറാക്കിയ നിബന്ധനകൾ അനുസരിച്ച് പരവൂർ ഫൈൻ ആർട്സ് സൊസൈറ്റിയെയാണ് സംസ്ഥാനതലത്തിൽ സംഗീതമത്സരം നടത്തി അവാർഡുകൾ നൽകാൻ മാസ്റ്റർ ചുമതലപ്പെടുത്തിയിരിക്കുന്നത്.

16–നും 26–നും ഉള്ളിൽ പ്രായമുള്ള സ്ത്രീകൾക്കും പുരുഷന്മാർക്കും മത്സരാർത്ഥികളാകാം. ദേവരാജൻ മാസ്റ്റർ സംഗീതം നൽകിയിട്ടുള്ള സിനിമ–നാടക–ഗാനങ്ങളാണ് മത്സരത്തിന് ആലപിക്കേണ്ടത്. 2004 മുതൽ ദേവരാജസംഗീതമത്സരം നടത്തി വരുന്നു. പുരുഷ–വനിത വിഭാഗ ങ്ങൾക്ക് വെവ്വേറെയാണ് മത്സരങ്ങൾ നടതത്തുന്നത്. ദേവരാജൻ മാസ്റ്റർ രൂപകൽപ്പന ചെയ്ത ശില്പ്പവും ക്യാഷ് അവാർഡും സർട്ടിഫിക്കേറ്റും പുരുഷ-വനിത വിഭാഗങ്ങളിലെ ഒന്നും രണ്ടും സമ്മാനം നേടുന്ന വ്യക്തികൾക്ക് നൽകുന്നു.

2004–ൽ പരവൂരിലും 2005–ൽ കൊല്ലത്തും (2006–ൽ മാസ്റ്ററുടെ നിര്യാണത്തെത്തുടർന്ന് മത്സരം ഒഴിവാക്കി) 2007–ൽ പരവൂരിലം 2008–ൽ തിരുവനന്തപുരത്തുമാണ് മത്സരം നടത്തിയത്. 2009–മുതൽ പരവൂരിലാണ് ദേവരാജസംഗീതമത്സരം നടത്തിവരുന്നത്.

മാസ്റ്ററുടെ മരണശേഷം അദ്ദേഹം നിര്യാതനായ മാർച്ച് 14–നാണ് മത്സരം നടത്തി വന്നത്. എന്നാൽ മത്സരാർത്ഥികളുടെ സാന്നിധ്യം വർദ്ധിപ്പിക്കാനായി പരീക്ഷക്കാലമായ മാർച്ചുമാസം ഒഴിവാക്കാനും അദ്ദേഹത്തിന്റെ ജന്മമാസമായ സെപ്റ്റംബറിൽ സംഗീത മത്സരം നടത്താനും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 2011–മുതൽ മത്സരം സെപ്റ്റംബറിലാണ് നടത്തിവരുന്നത്. കേരളത്തെ നടുക്കിയ സമാനതകളില്ലാത്ത പ്രളയദുരന്തത്തിന്റെ കൊടിയ കെടുതിയെത്തുടർന്ന് കേര ളത്തിൽ ആഘോഷപരിപാടികൾ മാറ്റിവയ്ക്കണമെന്നുള്ള സംസ്ഥാന സർക്കാരിന്റെ ഉത്തരവിനെ മാനിച്ച് 2018–ലെ സംസ്ഥാനതല ദേവരാജസംഗീത മത്സരം ഒഴിവാക്കുകയുണ്ടായി. അതുപോലെ കോവിഡ് മഹാമാരിമൂലം പൊതുപരിപാടികൾ നടത്തുന്നതിന് നിരോധനമുള്ളതിനാൽ 2020–2021 കാലയളവിലും ദേവരാജസംഗീത മത്സരം നടത്താൻ കഴിഞ്ഞില്ല്.

ദേവരാജസംഗീത മത്സരത്തിൽ പങ്കെടുക്കുന്ന മത്സരാർത്ഥികളുടെ ഉന്നതനിലവാരവും മാത്സര്യശേഷിയും പ്രസ്താവ്യയോഗ്യമാണ്. 2011–ൽ റിയാലിറ്റിഷോയുടെ രൂപഭാവങ്ങളോടെ രണ്ട് റൗണ്ടുകളിൽ രണ്ട് ദിവസമായാണ് ദേവരാജസംഗീതമത്സരം നടത്തിയത്. 26–9–2011 ൽ പരവൂർ എസ് എൻ വി ആർ സി ബാങ്ക് ആഡിറ്റോറിയത്തിൽ വച്ച് നടത്തിയ ആദ്യ റൗണ്ടിൽ തെരഞ്ഞെടുക്കപ്പെട്ട ഓരോ വിഭാഗത്തിൽനിന്നുള്ള ഏഴ് മത്സരാർത്ഥികൾ വീതം ഫൈനൽ റൗണ്ടിലേക്ക് മത്സരത്തിന് അർഹത നേടുകയുണ്ടായി. 27–9–2011 ൽ പുതിയിടം കല്ല്യാണമണ്ഡപത്തിൽവച്ച് നടത്തിയ ഫൈനൽ റൗണ്ടിൽ നാദബ്രഹ്മം ഓർക്കസ്ട്രയുടെ പശ്ചാത്തല അകമ്പടിയോടെ ഓരോ വിഭാഗത്തിലെയും മത്സരാർത്ഥികൾ മാറ്റുരച്ചു.

2011 മുതൽ രണ്ടുദിവസങ്ങളിൽ രണ്ടു റൗണ്ടുകളായാണ് സസ്ഥാനതല സംഗീതമത്സരം നട ത്തിവരുന്നത്. പ്രാഥമിക റൗണ്ട് മത്സരത്തിൽ പുരുഷ–വനിത വിഭാഗങ്ങളിൽ നിന്ന് തെരഞ്ഞെടു ക്കപ്പെടുന്ന ഏഴുപേർ വീതം രണ്ടാം റൗണ്ടിൽ ഓർക്കസ്ട്രയുടെ അകമ്പടിയോടെ മത്സരിക്കുന്നു. ഓർക്കസ്ട്രയിൽ പരിശീലനം ലഭിച്ച ശേഷമാണ് മത്സരിക്കുക. ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്ന വർക്ക് ക്യാഷ് അവാർഡും ശില്പവും സർട്ടിഫിക്കറ്റും നൽകുന്നു. കല–സാഹിത്യ–സംഗീത രംഗങ്ങ ളിലെ പ്രശസ്ത വ്യക്തികൾ പങ്കെടുക്കുന്ന പൊതുസമ്മേളനവേദിയിൽ വച്ച് ഫൈനൽ റൗണ്ട് മത്സ രശേഷം സമ്മാനങ്ങൾ വിതരണം ചെയ്യുന്നു. ഒന്നും രണ്ടും സമ്മാനാർഹർക്കു പുറമെ ഫൈനൽ റൗണ്ടിൽ പങ്കെടുക്കുന്ന എല്ലാവർക്കും മെറിറ്റ് സർട്ടിഫിക്കേറ്റ് വിതരണം ചെയ്തുവരുന്നു. 2012–ലെ മത്സരം കൈരളി ചാനൽ സംപ്രേഷണം ചെയ്യുകയുണ്ടായി.

ഓരോ വർഷം കഴിയുന്തോറും മത്സരം ഉന്നതനിലവാരം പുലർത്തിവരുന്നുവെന്നതും ജന ശ്രദ്ധ കൂടുതലായി ആകർഷിക്കപ്പെടുന്നുവെന്നതും ദേവരാജസംഗീത മത്സരം ജനങ്ങൾ നെഞ്ചേറ്റു ന്നുവെന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ്.

********